കൊട്ടാരക്കര റൂറൽ സെക്ഷനിൽ കൊലപാതക ശ്രമം

209 (2037) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 നവംബർ 4 ബുധനാഴ്ച രാത്രി ഒരു കൂട്ടം അക്രമികൾ കൊട്ടാരക്കര റൂറൽ സെക്ഷനിൽപ്പെട്ട കുന്നിക്കോട് പോലീസ് അതിർത്തിയിൽപ്പെട്ട സി.പി.ഐ. വിളങ്ങടി ലോക്കൽ കമ്മിറ്റി അംഗവും എ.ഐ.വൈ.എഫ്. നേതാവുമായ എസ്. നസറുദ്ദീനെയും പിതാവ് യൂനുസ് കുഞ്ഞിനെയും വീട്ടിൽ കയറി വെട്ടി കൊലപ്പെടുത്താൻ നടത്തിയ ശ്രമത്തിന് കേസ് എടുത്തിട്ടുണ്ടോ ;

(ബി) ഏതെല്ലാം വകുപ്പുകളാണ് എഫ്.ഐ.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട് ; മുഴുവൻ പ്രതികളെയും അറസ്റ്റു ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ആർ.എസ്.എസ്. വീണ്ടും സംഘർഷം സൃഷ്ടിക്കാൻ ശ്രമിക്കുന്നത് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതിനെതിരെ എന്ത് കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കുന്നിക്കോട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1674/2015 u/s 143, 147, 148, 323, 324, 452, 308, 427, 149 and Arms Act 27 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത കേസ്സിലെ പ്രതികളെ തിരിച്ചറിയുവാൻ സാധിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്.

(സി) പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. മുഖംമൂടി ധരിച്ച ഒമ്പത് പേരാണ് അക്രമികൾ.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) രഹസ്യാന്വേഷണവും പോലീസ് നിരീക്ഷണവും പ്രസ്തുത മേഖലകളിൽ ശക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly